# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 227 | 08/7/2015 -ൽ മറുപടിക്ക്

## 'ജൈക്ക' പദ്ധതികൾ കമ്മീഷൻ ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) 'ജൈക്ക' പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം പദ്ധതികൾ ഇതിനു കീഴിൽ കമ്മീഷൻ ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) തിരുവനന്തപുരം, കോഴിക്കോട് എന്നി നഗരങ്ങൾക്കും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതികൾ, കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്. പ്രസ്തുത പദ്ധതികളിൽ ചേർത്തല പദ്ധതി 03.01.2012-ൽ കമ്മീഷൻ ചെയ്തു. തിരുവനന്തപുരം പദ്ധതി 18/5/2010-ലും മീനാട് പദ്ധതി 24/2/2011-ലും പട്ടുവം പദ്ധതി 14/3/2013-ലും കോഴിക്കോട് പദ്ധതി 27/2/2015-ലും ഭാഗികമായി കമ്മീഷൻ ചെയ്യുകയുണ്ടായി. ജൈക്ക വായ്പാ കാലാവധി നീട്ടികിട്ടുന്നതിന് വിധേയമായി പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് താഴെപറയുന്ന സമയക്രമം നിർണ്ണയിച്ചിരിക്കുകയാണ്. |

1. തിരുവനന്തപുരം പദ്ധതി
   (i) വിതരണശൃംഖലയുടെ ബാക്കി പണികൾ - മാർച്ച് 2016
   (ii) റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ - ഡിസംബർ 2015
2. മീനാട് പദ്ധതി
   (i) വിതരണശൃംഖലയുടെ ബാക്കി പണികൾ - മാർച്ച് 2016
3. കോഴിക്കോട് പദ്ധതി
   (i) വിതരണശൃംഖലയുടെ ബാക്കി പണികൾ - ജൂൺ 2016
   (ii) റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ - ഒക്ടോബർ 2015
4. പട്ടുവം പദ്ധതി
   (i) വിതരണശൃംഖലയുടെ ബാക്കി പണികൾ - ജൂലൈ 2015

ജൈക്ക പദ്ധതിയുടെ നിലവിലുള്ള കാലാവധി 27/7/2015-ൽ അവസാനിക്കുന്നതിനാൽ, കാലാവധി 31/12/2016 വരെ നീട്ടിക്കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന വേണ്ടി സർക്കാർ തലത്തിലും വാട്ടർ അതോറിറ്റി തലത്തിലും യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ജൈക്ക വായ്പയുടെ സമയപരിധി 31/12/2016 വരെ നീട്ടിക്കിട്ടുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/